നെടുമങ്ങാട് റവന്യൂ ടവറിന്റെ പണി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇതേവരെ ഏകദേശം 84% പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ നാലു മാസം കൊണ്ട് പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

എറണാകുളം റവന്യൂ ടവറിന്റെ പണി സാമ്പത്തിക പരാധീനത കാരണം നിർത്തിവച്ചിരിക്കുകയാണ്. ഏകദേശം 60% പണി പൂർത്തിയായിട്ടുണ്ട്.

(ബി) നെടുമങ്ങാട്, എറണാകുളം എന്നീ റവന്യൂ ടവറുകളുടെ നിർമ്മാണത്തിനായി യഥാക്രമം 278.40 ലക്ഷം രൂപയും 1127.36 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം റവന്യൂ ടവറിന്റെ പദ്ധതി ചെലവിലുണ്ടായ വർദ്ധനവ് അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മിനി സിവിൽ സ്റ്റേഷനുകളും റവന്യൂ ടവറുകളും

13 (4292) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനിസിവിൽ സ്റ്റേഷനുകളും റവന്യൂ ടവറുകളും ഉണ്ട് ;

(ബി) നടപ്പു വർഷം എവിടെയെങ്കിലും മിനി സിവിൽ സ്റ്റേഷനോ റവന്യൂ ടവറുകളോ നിർമ്മിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ അവ അവിടെയെല്ലാമാണെന്ന് പറയുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 6 റവന്യൂ ടവറുകൾ ഉണ്ട്. മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ആറ്റിങ്ങൽ, റാന്നി, കാഞ്ഞിരപ്പള്ളി, മാനന്തവാടി, തൊടുപുഴ, കാസർകോഡ് എന്നീ താലൂക്കുകളിൽ റവന്യൂ ടവറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

സർവ്വെ വകുപ്പിൽ വെട്ടിക്കുറച്ച തസ്തികകൾ

14 (4293) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർവ്വെ വകുപ്പിലെ ഏതെല്ലാം തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എത്രയൊക്കെ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly